**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 478**
**28.02.2017-ലെ മറുപടിക്ക്**

**നികുതിയേതര വരുമാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോജി എം.ജോൺ എം.എൽ.എ | | ഡോ.ടി.എം.തോമസ് ഐസക് ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാന സർക്കാരിന്റെ 2016-17 സാമ്പത്തിക വർഷത്തെ നികുതിയേതര വരുമാനം 2017 ജനുവരി 31 വരെ എത്രയാണ്; വിശദാംശം നൽകുമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള നികുതിയേതര വരുമാനം 5277,53,89,189 രൂപയാണ്. (2017 ജനുവരി മാസത്തെ കണക്കുകൾ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടില്ല) |
| (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിത വരുമാനത്തിന്റെ 46.46% 2016 ഡിസംബർ 31 വരെ ലഭിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | നോട്ട് പിൻവലിച്ചതുമൂലം നടപ്പ്സാമ്പത്തിക വർഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് ലഭിച്ചുകൊണ്ടിരുന്ന നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവിൽ കുറവുണ്ടായിട്ടുണ്ട്. നികുതിവരുമാന വളർച്ചാനിരക്കിലും കുറവുണ്ടായിട്ടുണ്ട്. |
| (ഡി) | 2017-18 സാമ്പത്തിക വർഷം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ? | 23.09.2014-ലെ സ.ഉ. (പി) നം. 409/2014/ധന പ്രകാരമാണ് അവസാനമായി നികുതിയേതര നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്. നിലവിലെ നിരക്കുകൾ പുന:പരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ